**208**

Reg. No. : ..................................

Name : ..................................

**SECOND YEAR HIGHER SECONDARY**
**MODEL EXAMINATION, FEBRUARY – 2024**

Part – II

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

**മലയാളം**

**(MALAYALAM)**

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ടു ഉത്തരം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. കാക്കാരശ്ശിപ്പാട്ടിൽനിന്നു ലഭിക്കുന്ന സൂചനകൾ പ്രകാരം കാക്കാത്തിമാർ :
   - അണിഞ്ഞൊരുങ്ങി നടക്കാൻ ഇഷ്ടമില്ലാത്തവരാണ്.
   - കള്ളം പറഞ്ഞ് കാക്കാനെ പറ്റിക്കാത്തവരാണ്.
   - ഒരിടത്തും സ്ഥിരമായി താമസിക്കാത്തവരാണ്.
   - സംഗീതം, നൃത്തം എന്നിവയിൽ സമർത്ഥരാണ്.

2. ഇ.സി.ജി. സുദർശന്റെ ഓർമ്മയിലെ മലയാളം ക്ലാസിന്റെ രണ്ട് സവിശേഷതകൾ എടുത്തെഴുതുക.

- ഹാസ്യാത്മകമായതിനാൽ രസകരമായിരുന്നു ക്ലാസുകൾ.
- ഒരു കാര്യത്തിന് അനേകം അർത്ഥതലങ്ങളുണ്ടാകാം എന്ന് ബോധ്യപ്പെടുത്തുന്ന ക്ലാസുകളായിരുന്നു.
- അർത്ഥം വ്യക്തമാക്കി ഉത്തരങ്ങൾ ഉരുവിട്ട് പഠിപ്പിക്കുന്ന ക്ലാസുകളായിരുന്നു.
- പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് പ്രചോദിപ്പിക്കുന്ന ക്ലാസുകളായിരുന്നു.

3. പുലിക്കോട്ടിൽ ഹൈദറിന്റെ മാപ്പിളപ്പാട്ടുകളുടെ രണ്ട് പ്രത്യേകതകൾ കണ്ടെത്തി എഴുതുക.

- കുടുതലായും ഇസ്ലാമിക ഇതിവൃത്തങ്ങൾ സ്വീകരിച്ചു.
- നാടൻ പ്രയോഗങ്ങളും വാമൊഴിയും ഉപയോഗിച്ചു.
- കാല്പനികപ്രമേയങ്ങളിലൂടെ പാട്ടുകളെ ജനകീയമാക്കി.
- ബോധപൂർവം സാമൂഹിക പരിഷ്കരണത്തിനായി പാട്ടുകളെ ഉപയോഗിച്ചു.

4. ശകുന്തളയുടെ അഭിപ്രായത്തിൽ ദുഷ്ഷന്തന്റെ രണ്ട് പോരായ്മകൾ എടുത്തെഴുതുക.

- മേദിനിയിലും അന്തരിക്ഷത്തിലും നടക്കുന്നു.
- കടുകിൻമണി മാത്രമുള്ള പരദോഷം കാണുന്നു.
- മന്നിടത്തിങ്കലല്ലാതെ സഞ്ചരിക്കാനാവില്ല.
- മന്ദാക്ഷഭാവത്തോടെ നിന്ദാവാണികൾ കേൾക്കുന്നു.

5. മാർക്വെസിന്റെ 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിൽ :

- അദ്ഭുതവും മാന്ത്രികതയും നിറഞ്ഞുനിൽക്കുന്നു.
- യാഥാർത്ഥ്യങ്ങൾ വളച്ചുകെട്ടില്ലാതെ അവതരിപ്പിക്കുന്നു.
- യുക്തിബോധത്തേക്കാൾ ഭാവനയ്ക്ക് പ്രാധാന്യം നൽകുന്നു.
- കുട്ടികൾ പാശ്ചാത്യ ചിന്താഗതിക്കാരായി മാറുന്നു.

6. 'മോഷണം' എന്ന കവിതയിലെ കള്ളൻ, ചട്ടങ്ങൾ മാറ്റണമെന്ന് പറയുന്നതിന്റെ കാരണം :

- നിലവിലുള്ള ചട്ടങ്ങൾ സാമൂഹികപുരോഗതിക്ക് ഗുണകരമല്ലാത്തതുകൊണ്ട്,
- ചെറിയ മോഷണങ്ങളെ വലിയ തെറ്റായി കാണുന്നതുകൊണ്ട്,
- നല്ല മനുഷ്യർക്ക് നല്ല ചട്ടങ്ങൾ ഉണ്ടാവണമെന്ന ആഗ്രഹം കൊണ്ട്,
- നല്ലത് മോഷ്ടിച്ചാൽ കള്ളൻ എന്നുവിളിക്കുന്ന രീതി മാറ്റുന്നതിനു വേണ്ടി.

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം. (3 × 2 = 6)**

7. സച്ചിന്റെ വിടവാങ്ങൽ ദിനം, ശ്രീലങ്കൻ സർക്കാർ നൽകിയ ട്രോഫിയുടെ കാര്യം ലേഖകൻ പ്രത്യേകം എടുത്തു പറഞ്ഞതിന്റെ കാരണം എന്തായിരിക്കാം ?

8. യമുനോത്രിയിൽ കൊടും തണുപ്പാണ്. ഹിമസമാനമാണ് അവിടെയുള്ള വെള്ളം. പക്ഷേ, യമുനോത്രീ ക്ഷേത്രത്തിനടുത്ത സൂര്യകുണ്ഡിൽ തിളയ്ക്കുന്ന വെള്ളം കാണാം. ഈ അദ്ഭുതം എങ്ങനെയാണ് സംഭവിക്കുന്നത് ?

9. തേങ്ങ എന്ന കവിത വായനക്കാരിൽ ചിരിയുണർത്തുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാവാം ?

10. 'അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്ന് ജീവിക്കുന്നത് ' – കലാമണ്ഡലം ഹൈദരലി സൂചിപ്പിക്കുന്ന ഭാഗ്യങ്ങളിൽ നിന്നു രണ്ടെണ്ണം കണ്ടെത്തി എഴുതുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം** **(6 × 4 = 24)**

11. ചേരുംപടി ചേർക്കുക :

| | |
|---|---|
| മാഡ്രിഡ് | മാജിക്കൽ റിയലിസം |
| കഥാകൃത്ത് | ഉൾക്കടലിനോട് ചേർന്ന് |
| ഭാവനയും യാഥാർത്ഥ്യവും | പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന ശാസ്ത്രമറിയാത്തവർ |
| കാട്ജിനെ | വീട്ടു പകരണങ്ങളിലെ കവിത |

12. ഉലകാകെയുലയ്ക്കും മട്ടിൽ കാട്ടാളൻ അലറിവിളിക്കാനുള്ള കാരണങ്ങൾ ചുരുക്കിയെഴുതുക.

13. "നോക്കി നിൽക്കെ കുട്ടികളുടെ കണ്ണുകൾ നിറഞ്ഞൊഴുകി നിശ്ശബ്ദമായി അവർ കരയാൻ തുടങ്ങി" – അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിലെ കുട്ടികളുടെ കണ്ണുകൾ ഇങ്ങനെ നിറഞ്ഞൊഴുകാൻ എന്തായിരിക്കാം കാരണം ?

14. "ഒളിച്ചു പിന്നൊട്ടു ധരിച്ചു ദൂതി" – ദൈമിയുടെ ദൂതിയായ കേശിനി, ഒളിച്ചുനിന്ന് മനസ്സിലാക്കിയത് എന്തൊക്കെയാണ് ?

15. "ഉണ്ടതെങ്കില് വന്ന് കാണ്മാനുണ്ട് മോഹം പൊന്നേ ഒറ്റ നോക്ക് കണ്ട് മരിച്ചോട്ടെ അന്ന് തന്നേ" – ഈ വരികളിലൂടെ പുലിക്കോട്ടിൽ ഹൈദർ പങ്കുവയ്ക്കുന്ന, മറിയക്കുട്ടിയുടെ സങ്കടങ്ങൾ എന്തൊക്കെയാണ് ?

16. "നമ്മുടെ ജവാന്മാരെയല്ലേ, ദേവന്മാരേക്കാൾ കൂടുതൽ ആദരിക്കേണ്ടത് " – ഇങ്ങനെ എസ്.കെ.പൊറ്റെക്കാട്ടിന് എഴുതാൻ തോന്നിയത് ഏത് സന്ദർഭത്തിലാണ് ?

17. "കമ്പ്യൂട്ടർ വാങ്ങുകയും ഇന്റർനെറ്റ് കണക്ഷൻ എടുക്കുകയും ചെയ്തശേഷമാണ് അയാളുടെ വിശ്വാസങ്ങളിൽ ഇങ്ങനെ ചിലമാറ്റങ്ങൾ വന്നുതുടങ്ങിയത് " – ടി.പി. ശ്രീധരനിൽ എന്തൊക്കെ മാറ്റങ്ങൾ വന്നതായിട്ടാണ് കഥാകൃത്ത് പറയുന്നത് ?

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം** **(3 × 6 = 18)**

18. "സമൂഹത്തിന് ധാർമ്മികസന്ദേശം നൽകാനുള്ള അവസരങ്ങളൊന്നും എഴുത്തച്ഛൻ പാഴാക്കാറില്ല. കണ്ണാടി കാണ്മോളവും എന്ന പാഠഭാഗത്തിലും ഇത് തെളിഞ്ഞുകാണാം" ഈ അഭിപ്രായം പരിശോധിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക.

19. "ചെറിയ പ്രശ്നങ്ങൾക്കു മുന്നിൽപ്പോലും തളർന്ന പോവുന്നവർക്ക് മുന്നിൽ, പ്രതിസന്ധികളെ തരണം ചെയ്ത് ജീവിതവിജയം നേടിയ ഹൈദരലി ഒരു മാതൃകതന്നെയാണ് " – ഈ പ്രസ്താവനയോടുള്ള പ്രതികരണം കുറിപ്പായി എഴുതുക.

20. "നവമാധ്യമങ്ങളുടെ സ്വാധീനവും അവയുടെ ദുരുപയോഗവും കൂടിവരികയാണ്. വിദ്യാർത്ഥികളുടെ പഠനത്തെയും ചിന്തയെയും ജീവിതത്തോടുള്ള കാഴ്ചപ്പാടിനെയും ഇത് സാരമായി ബാധിച്ചിട്ടുണ്ട് " – ഈ അഭിപ്രായം ചർച്ചചെയ്യുന്ന മുഖപ്രസംഗം തയ്യാറാക്കുക.

21. കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ള കൊള്ളിവാക്കുകൾ നിരന്തരം പറഞ്ഞിട്ടും ശീലാവതി ഭർത്താവിനെ കുറ്റപ്പെടുത്തുന്നില്ല – ഇത് മാതൃകാപരമാണോ ? നിങ്ങളുടെ അഭിപ്രായം ലഘു ഉപന്യാസമായി എഴുതുക.

താഴെ കൊടുത്ത കവിത വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം (3 × 2 = 6)

പറവ – വിഷ്ണു പ്രസാദ്

രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും
അതിർത്തികളില്ലാത്ത പറവേ,
ഒരു പൗരത്വ രേഖയുമില്ലാതെ
നീ പറക്കുന്നു
ഇവിടെയുണ്ടെന്നതിന് നിനക്കൊന്ന്
കൂവിയാൽ മതി
അലറിക്കരഞ്ഞിട്ടും അടിയേറ്റ് ചോര ചിന്നിയിട്ടും
ഞങ്ങളിവിടെയുണ്ടായിരുന്നുവെന്ന്
തെളിയിക്കാനാവുന്നില്ലല്ലോ...

തടങ്കൽപ്പാളയത്തിലേക്കുള്ള
കൈ ചൂണ്ടിക്കു മുകളിൽ ഞങ്ങളുടെ
ജീവന്റെ ധാന്യമണി ലക്ഷ്യമിട്ട്
പറക്കുന്ന പെരും പറവ.

22. പറവയുടെ ഏറ്റവും വലിയ ഭാഗ്യമായി കവി പറയുന്നത് എന്താണ് ?

23. മനുഷ്യന്റെ വലിയ സങ്കടമായി കവിതയിൽ തെളിയുന്നതെന്താണ് ?

24. പെരുംപറവയുടെ സാന്നിധ്യം ഉണ്ടാക്കുന്ന ആശങ്കകൾ എന്തൊക്കെയാണ് ?

25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം (2 × 8 = 16)

25. പ്രതീകങ്ങൾ കൊണ്ട് സമൃദ്ധമാണ് 'അഗ്നി വർണന്റെ കാലുകൾ' എന്ന നാടകം. രാജാവിന്റെ കാലുകൾ, ചിന്താരാമന്റെ പുസ്തകം, കൊത്തുവാളിന്റെ ദണ്ഡ്, അടിച്ചുതളിക്കാരിയുടെ ചൂല് തുടങ്ങിയ നാടകവസ്തുക്കൾ എന്തെല്ലാം വ്യാഖ്യാനസാധ്യതകളാണ് നൽകുന്നത് ? വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

26. "പരിസ്ഥിതിലോല പ്രദേശങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കൈയേറ്റങ്ങളെ ചോദ്യം ചെയ്യുന്ന കവിതയായി കിരാതവൃത്തത്തെ പുതിയകാലത്ത് വായിക്കാം" – നിങ്ങളുടെ നിരീക്ഷണങ്ങൾ കൂടി ഉൾപ്പെടുത്തി കിരാതവൃത്തത്തിന് ഒരു ആസ്വാദനം തയ്യാറാക്കുക.

27. പെൺഗൗളി ഔൽസുക്യത്തോടെ ചോദിച്ചു : "എന്നിട്ട് അങ്ങോർക്ക് എന്ത് ബോധമാണുദിച്ചത് ?" – ബുദ്ധന്റെ ത്യാഗങ്ങളേക്കാളും ചിന്തകളേക്കാളും മഹത്തരമാണ് സ്ത്രീയുടെ ജീവിതം എന്ന പെൺഗൗളിയുടെ നിരീക്ഷണം വിലയിരുത്തി സ്വാഭിപ്രായം ഉപന്യാസമായി എഴുതുക.